യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രമേ നിയമന ശിപാർശ നൽകുവാൻ നടപടി സ്വീകരിക്കാവൂ എന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശിപാർശ നൽകുകയാണുണ്ടായത്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാരുടെ മതിയായ ഒഴിവുകൾ ഇപ്പോൾ നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലെ പി.എസ്.സി. നിയമനം

66 (1930) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 267/2011 കാറ്റഗറി നമ്പർ പ്രകാരം പി.എസ്.സി., 9-5-2013-ൽ എഴുത്ത് പരീക്ഷയും 5-2-2014-ൽ പ്രായോഗിക പരീക്ഷയും നടത്തിയ, ആംഡ് പോലീസ് ബറ്റാലിയനിലെ ഡ്രൈവർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്തുകൊണ്ടാണ് നാളിതുവരെ പ്രസിദ്ധീകരിക്കാത്തതെന്നും ആയത് എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട് എന്നും പ്രസ്തുത ഒഴിവുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള തീയതികളും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 17-11-2014 തീയതി വച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 380 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത തീയതികൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ നടപടി

67 (1931) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വിവിധ ജില്ലകളിൽ നിലവിലുള്ള പി.എസ്.സി. എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽനിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി, വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly